**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **10-06-2024 - ൽ മറുപടിയ്ക്ക്**

**അവയവ കച്ചവടം നടത്തുന്നത് സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവ കച്ചവടം നടത്തുകയും അതിന്റെ പേരിൽ പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 19.10.2020 - തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ No.D5-135405/2020/PHQ പ്രകാരം നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കുവാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യെ ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ അവയവ ദാതാക്കൾ, സ്വീകർത്താക്കൾ, കേരളത്തിലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാർ തുടങ്ങിയവരെ നേരിൽ കണ്ട് അന്വേഷണം നടത്തുകയുണ്ടായി. CDR ഉൾപ്പെടെ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ ചില അവയവമാറ്റ ശസ്ത്രക്രിയകളിൽ അവയവ ദാതാക്കളുടേയും സ്വീകർത്താക്കളുടേയും ഏജന്റുമാരായി പ്രവർത്തിച്ചവർ നിയമ വിരുദ്ധമായി പണമിടപാട് നടത്തിയെന്ന് വെളിവായി. എന്നാൽ അവയവ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ അറിവോ സമ്മതമോ കൂടാതെ അവയവ കൈമാറ്റങ്ങൾക്കു വിധേയരാക്കി ചൂഷണം ചെയ്തതായോ, ചതിചെയ്തതായോ, നിർബന്ധിതമായോ, ഭീഷണിപ്പെടുത്തിയോ അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കപ്പെട്ടിട്ടുള്ളതായോ (Forced removal of organs) ആശുപത്രി അധികാരികൾ അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായോ വെളിവായിട്ടില്ല.<br><br>സമാന വിഷയവുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IP C & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സൂത്രധാരനെന്ന് ആരോപിക്കപ്പെട്ട മധു ജയകുമാർ എന്നയാൾക്ക് എതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന അപേക്ഷ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദാതാക്കളായി നിരവധി പേർ വിദേശത്ത് പോയതായും പാലക്കാട് സ്വദേശി ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി ദാതാവായതായും അറിവായിട്ടുണ്ട്. ഇതിൽ കൂടുതൽ പേരും ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നിന്നാണ് എന്നാണ് ലഭ്യമായ വിവരം. ഈ സംസ്ഥാനങ്ങളിലെ പോലീസിന്റെ സഹായത്തോടെ ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് ഇന്റർപോളിന്റെയും ഇതര സംസ്ഥാനങ്ങളിലെ പോലീസിന്റെയും സഹായം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 19.10.2020 - തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ No.D5-135405/2020/PHQ പ്രകാരം നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കുവാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യെ ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ അവയവ ദാതാക്കൾ, സ്വീകർത്താക്കൾ, കേരളത്തിലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജന്റുമാർ തുടങ്ങിയവരെ നേരിൽ കണ്ട് അന്വേഷണം നടത്തുകയുണ്ടായി. CDR ഉൾപ്പെടെ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ ചില അവയവമാറ്റ ശസ്ത്രക്രിയകളിൽ അവയവ ദാതാക്കളുടേയും സ്വീകർത്താക്കളുടേയും ഏജന്റുമാരായി പ്രവർത്തിച്ചവർ നിയമ വിരുദ്ധമായി പണമിടപാട് നടത്തിയെന്ന് വെളിവായി. എന്നാൽ അവയവ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ അറിവോ സമ്മതമോ കൂടാതെ അവയവ കൈമാറ്റങ്ങൾക്കു വിധേയരാക്കി ചൂഷണം ചെയ്തതായോ, ചതിചെയ്തതായോ, നിർബന്ധിതമായോ, ഭീഷണിപ്പെടുത്തിയോ അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയരാക്കപ്പെട്ടിട്ടുള്ളതായോ (Forced removal of organs) ആശുപത്രി അധികാരികൾ അവരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായോ വെളിവായിട്ടില്ല.<br><br>സമാന വിഷയവുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 544/2024 U/s 370, 34 IP C & Sec. 19 (a) (b) (c) of Transplantation of Human Organs and Tissues Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സൂത്രധാരനെന്ന് ആരോപിക്കപ്പെട്ട മധു ജയകുമാർ എന്നയാൾക്ക് എതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന അപേക്ഷ നൽകിയിട്ടുണ്ട്. ഇതുവരെയുള്ള അന്വേഷണത്തിൽ |

| | | | |
|---|---|---|---|
| | | | രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദാതാക്കളായി നിരവധി പേർ വിദേശത്ത് പോയതായും പാലക്കാട് സ്വദേശി ഷമീർ എന്നയാൾ ഇറാനിൽ പോയി കിഡ്നി ദാതാവായതായും അറിവായിട്ടുണ്ട്. ഇതിൽ കൂടുതൽ പേരും ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നിന്നാണ് എന്നാണ് ലഭ്യമായ വിവരം. ഈ സംസ്ഥാനങ്ങളിലെ പോലീസിന്റെ സഹായത്തോടെ ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. |
| (സി) | അവയവദാന വ്യവസ്ഥകൾ സംബന്ധിച്ച് പ്രചാരണവും ബോധവൽക്കരണവും നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി 1994 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിനു കീഴിൽ 2014 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് - ലെ ചട്ടം 31 പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) പ്രവർത്തിച്ചുവരുന്നു.<br><br>ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽ നിന്നുള്ള അവയവദാന പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമതയും ഉറപ്പ് വരുത്തുക, അവയവങ്ങൾ ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവ്വമായും അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നിവ ഈ സൊസൈറ്റിയുടെ സുപ്രധാന ലക്ഷ്യങ്ങളാണ്.<br><br>അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾ മനസിലാക്കുന്നതിനുവേണ്ടി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ച് അതിലൂടെ അവയവദാനത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ ഡോക്ടർമാർക്കും മറ്റ് പാരാ മെഡിക്കൽ ജീവനക്കാർക്കും ട്രെയിനിങ്ങുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തി വരുന്നു.<br><br>ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സമൂഹ മാധ്യമങ്ങളിലൂടെയും കൂടുതൽ ബോധവൽകരണ-പ്രചാരണ പരിപാടികൾ കെ-സോട്ടോ നടത്തി വരുന്നുണ്ട്.<br><br>അവയവദാനം, അവയമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും |

| | | | |
|---|---|---|---|
| | | | മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതി ലേയ്ക്കായുള്ള ഒരു പ്രോട്ടോകോൾ തയാറാക്കി വരുന്നു.<br><br>ജനങ്ങളെ ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി പോലീസ് സംവിധാനം വഴിയും കേരള പോലീസ് സോഷ്യൽ മീഡിയാ വഴിയും പൊതുജനങ്ങൾക്ക് അവയവദാനത്തിന്റെ മഹത്വത്തെക്കുറിച്ചും നടന്നുകൊണ്ടിരിക്കുന്ന അതുമായി ബന്ധപ്പെട്ട തട്ടിപ്പുകളെ കുറിച്ചും ശക്തമായ ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ